# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4441 — 26-06-2014 -ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ലയിലെ വരൾച്ചാ നിവാരണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | പത്തനംതിട്ട ജില്ലയിൽ 2013 വർഷം വരൾച്ചാനിവാരണ പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | 2013 വർഷം പത്തനംതിട്ട ജില്ലയിൽ വരൾച്ചാ നിവാരണ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് 132 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും കരാറുകാർക്ക് പ്രതിഫലം നൽകിയെന്നും വ്യക്തമാക്കാമോ; | ബി) | ഇതിൽ 126 പ്രവൃത്തികൾ പൂർത്തീകരിച്ചു. 115 പ്രവൃത്തികൾക്ക് പ്രതിഫലം നൽകി. |
| സി) | ഭരണാനുമതി നൽകിയ പദ്ധതികളിൽ പൂർത്തിയാക്കാത്തത് / ഭാഗികമായി പൂർത്തിയാക്കിയത് എന്നിവയുടെ പേരുവിവരം ലഭ്യമാക്കുമോ; | സി) | റദ്ദാക്കിയ 6 പ്രവൃത്തികളൊഴികെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. റദ്ദാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഡി) | ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**